വാനുള്ള എസ്റ്റിമേറെല്ലാം തയ്യാറാക്കികഴിഞ്ഞിട്ടുണ്ട്. അതെല്ലാം ചിങ്ങമാസത്തിൽ അവസാനിക്കുമെന്നാണ് തോന്നുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി: ഫ്ലഡ്സ്-ൽ ഈ ജോലി അവസാനിപ്പിക്കുവാൻ സാധിക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: സാധിക്കും.

BOAT SERVICES—REGULATION OF

21. മിസ്റ്റർ വി. കെ. കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടുസമയം മറുപടി പറയുമോ.—

(എ) എറണാകുളം-കോട്ടപ്പുറം, എറണാകുളം-കുണ്ടൂർ, എറണാകുളം-മാള എന്നീ സ്ഥലങ്ങളിലേക്കു ലൈൻ ഓടിക്കാണ്ടിരിക്കുന്ന ബോട്ടുകളിൽ ഏ-ം, വൈ-ം കുതിര ശക്തിയുള്ള എഞ്ചിൻ ഇണക്കിട്ടുള്ള എത്ര ബോട്ടുകളുണ്ടു്;

(ബി) ഈ ബോട്ടുകളുടെ പേരുകളും ബോട്ടുടമസ്ഥന്മാരുടെ പേരുകളും സഭയെ പ്രസ്താവിക്കുമോ;

(സി) എറണാകുളം-കോട്ടപ്പുറം, എറണാകുളം-കുണ്ടൂർ എന്നീ സ്ഥലങ്ങളിലേക്കു് ഓടിക്കൊണ്ടിരിക്കുന്ന പ്രസ്തുത ബോട്ടുകൾ എത്ര മണിക്കൂർ കൊണ്ടു് ഓരോ സ്ഥലങ്ങളിലും ഓടി എത്തണമെന്നാണു് നിശ്ചയം ചെയ്തിട്ടുള്ളതു്;

(ഡി) ടി ബോട്ടുകൾക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയങ്ങളിൽ തന്നെ കൃത്യമായി അവകൾ എത്തുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഫ്ലഡ് ചിങ്ങം ഫസ്റ്റ്-ക്കു ശേഷം അപ്രകാരം ഓടി എത്താത്ത എത്ര ബോട്ടുകളുണ്ടു്; എത്ര ദിവസം ഒന്നായി താമസിച്ചാലാണു് അവയുടെ ട്രിപ്പു് റദ്ദു് ചെയ്യുന്നതു്;

(എഫ്) ഈ മുതൽ ഫെ വരെ മിന്നിട്ടുകൾ താമസിച്ചുവെന്നുള്ള കാരണത്തിൽ ഫ്ലഡ് ചിങ്ങം ഫസ്റ്റ്-ക്കു ശേഷം എത്ര ബോട്ടുകളുടെ സമയം അസിസ്റ്റൻറ് എഞ്ചിനീയർ റദ്ദു് ചെയ്തിട്ടുണ്ടു്; ഫെ മിനിട്ടിൽ കൂടുതൽ താമസം നേരിട്ടിട്ടുള്ള എത്ര ബോട്ടുകളുടെ സമയം റദ്ദു് ചെയ്തിട്ടുണ്ടു്;

(ജി) അപ്രകാരം റദ്ദു് ചെയ്തിട്ടുള്ള ബോട്ടുകളുടെ പേരുകളും എതെല്ലാം തിയ്യതികളിലാണു് അതു റദ്ദു് ചെയ്തിട്ടുള്ളതെന്നും സഭയെ പ്രസ്താവിക്കുമോ;

(എച്ച്) മേൽപ്രകാരം താമസിച്ചുവരുന്ന ബോട്ടുകളിൽ ചിലതിന്റെ താമസ സമയം എറണാകുളം കനാൽ ജട്ടി സൂപ്രണ്ടു് നോട്ടുചെയ്യാതേയും ചിലതു നോട്ടു ചെയ്യും പക്ഷപാതം പ്രവൃത്തിച്ചുവരുന്ന വിവരം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സംഗതിയെപ്പറ്റി ഒരാഴ്ചവട്ടമെങ്കിലും തെക്കെ ഡിവിഷൻ അസിസ്റ്റൻറ് എഞ്ചിനീയർ അവർകളുടെ മേൽനോട്ടത്തിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചു് എറണാകുളം കനാൽജട്ടിയിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പരിശോധന നടത്തി താമസിച്ചുവരുന്ന ബോട്ടുകളുടെ ഒരു ലിസ്റ്റായ കണക്കെടുക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ഉദ്ദേശമുണ്ടാകുമോ;

(ഐ) മേൽപ്രകാരമുള്ള നിസ്സാര താമസത്തെ അടിസ്ഥാനമാക്കി സമയം റദ്ദ് ചെയ്യുമൂലം തൊഴിലില്ലാതായി തീരുന്നവരുടെ സംഖ്യ കൊല്ലത്തിൽ ഉദ്ദേശം എത്ര വീതം വരുന്നുണ്ട്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷ മേനോൻ :

(എ) എറണാകുളം-കോട്ടപ്പുറം ലൈനിൽ ൨൨ ബോട്ടുകൾ, എറണാകുളം-കുണ്ടൂർ ലൈനിൽ ൧ ബോട്ട്, എറണാകുളം-മാള ലൈനിൽ ഇല്ല.

(ബി) ബോട്ടുകളുടെ പേരും ഉടമസ്ഥന്മാരുടെ പേരും താഴെ ചേർക്കുന്നു:

	ബോട്ടുകളുടെ പേര്.		ഉടമസ്ഥന്മാരുടെ പേര്.
൧	വിക്ടോറിയ	൧	പി. ഐ. വർഗീസ്
൨	സിസ്റ്റർ	൨	പി. ഐ. വർഗീസ്
൩	ചൊറായി	൩	ടി
൪	സ്റ്റെല്ലാ	൪	കെ. ആൻറ് കെ. ബോട്ടസവ്വീസ്
൫	ലീഡർ	൫	പി. ഐ. വർഗീസ്
൬	സത്യം	൬	കെ. ആൻറ് കെ. ബോട്ടസവ്വീസ്
൭	സെൻറ് പീറ്റർ	൭	പി. ഐ. വർഗീസ്
൮	ഗിരിദീപം	൮	റവ: ഫാദർ ജെ. സി. പഞ്ഞിക്കാരൻ
൯	ജലരാജ്	൯	മിസിസ് വിത്താ പൌലോസ്
൧൦	ഷീലാ	൧൦	കെ. ആൻറ് കെ. ബോട്ട സവ്വീസ്
൧൧	സീതാലക്ഷ്മി	൧൧	കെ. ഡി. വെങ്കിട്ടരമണൻ എമ്പ്രാന്തിരി
൧൨	സക്കേറിയാ	൧൨	വി. യു. കുഞ്ഞുബാവ

(സി) എറണാകുളത്തു നിന്നും കോട്ടപ്പുറത്തേക്ക് ഓടുന്ന ബോട്ടുകൾ കൊച്ചി വഴിയാണെങ്കിൽ നാലര മണിക്കൂറിലും നേരെ കോട്ടപ്പുറത്തേക്കാണെങ്കിൽ ൪ മണിക്കൂറിലും എത്തണമെന്നാണ് നിശ്ചയം ചെയ്തിട്ടുള്ളത്.

* എറണാകുളത്തു നിന്നും കുണ്ടൂക്ക് ഓടുന്ന ബോട്ടുകൾ മുന്നേമുക്കാൽ മണിക്കൂറിൽ കുണ്ടൂർ എത്തണമെന്നാണ് നിശ്ചയം ചെയ്തിട്ടുള്ളത്.

(ഡി) ചില ബോട്ടുകൾ സമയത്തു് എത്തിയും ചിലതു് എത്താതേയും വരുന്നുണ്ടു്.

(ഇ) സകല ബോട്ടുകളും ഒരു ദിവസമല്ലെങ്കിൽ പിന്നെയൊരു ദിവസം സമയത്തു് എത്താതെ വന്നിട്ടുണ്ടു്. മൂന്നു ദിവസം തുടർച്ചയായിട്ടു ൧൫ മിനിട്ടിൽ കൂടുതൽ താമസിച്ചാൽ അവയുടെ ടയിം റദ്ദ് ചെയ്യുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ചിങ്ങം ഫംനുക്കു ശേഷം ഒ മുതൽ ഫ മിന്നിട്ട വരെ താമസിച്ചു എന്നുള്ള കാരണത്തിൽ യാതൊരു ബോട്ടിന്റേയും സമയം റദ്ദ് ചെയ്തിട്ടില്ല. ഫ മിന്നിട്ടിൽ കൂടുതൽ താമസിച്ചിട്ടുള്ള മൂന്നു ബോട്ടുകളുടെ സമയം റദ്ദ് ചെയ്തിട്ടുണ്ട്.

(ജി) ഫ. സത്യം വനു—ഫ ം—ഫൻനുൻ
വ. സക്കേറിയ ഫ ങ—ര—ഫൻര ം
നു. സീതാലക്ഷ്മി ഫനു—വ—ഫൻര ം

(എച്ച്) ഇല്ല. അങ്ങിനെയുള്ള ഒരു പരിശോധനയുടെ ആവശ്യം കാണുന്നില്ല.

(ഐ) നിസ്സാര താമസത്തെ അടിസ്ഥാനമാക്കി സമയം റദ്ദ് ചെയ്യുന്നതുമൂലം തൊഴിലില്ലായ്മ ഉണ്ടാവുന്നില്ല.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിം സേട്ട്: ഒ—ം, വ—ം, കുതിരശക്തിയുള്ള എഞ്ചിനോടുകൂടിയ ബോട്ടുകൾ ഓടിക്കുന്നതുകൊണ്ട് അപകടം കൂടുതൽ ഉണ്ടാകുമെന്നു് ഗവൺമെണ്ടു വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഓടിക്കുന്ന ആളുടെ അശ്രദ്ധകൊണ്ടാണു് അപകടം ഉണ്ടാകുന്നതു്. കുതിരശക്തി കുറഞ്ഞ എഞ്ചിൻ വെച്ചിട്ടുള്ള ബോട്ടുകളാണെങ്കിൽ ബാറിന്റെ മുമ്പിൽകൂടി പോയാൽ അപകടമുണ്ടാകും. ആ ദിക്കിലേക്കു് ഈ ബോട്ടുകളെ അയക്കുന്നില്ല. ഈ ബോട്ടുകൾ എല്ലാം നേരിട്ടു് കോട്ടപ്പുറത്തേക്കാണു പോകുന്നതു്.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിം സേട്ട്: കോട്ടപ്പുറത്തേക്കുപോകുന്ന ബോട്ടുകൾക്കു് ബാറിന്റെ മുമ്പിൽകൂടിയല്ലാതെ പോകുവാൻ സാധിക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: എറണാകുളത്തുനിന്നു നേരിട്ടു കോട്ടപ്പുറത്തേക്കു പോകുന്ന ബോട്ടുകൾക്കു് ബാറിന്റെ മുമ്പിൽകൂടി പോകേണ്ട ആവശ്യമില്ല.

മിസ്റ്റർ സി. വി. ഇയ്യു: ബോട്ടുകളിൽ ശുദ്ധജലം വെക്കുവാനുള്ള ഏർപ്പാടു ചെയ്യുവാൻ ഭയവുണ്ടാകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: രൂപപ്രകാരം ബോട്ടുകളിൽ ശുദ്ധജലം ഉണ്ടായിരിക്കണമെന്നുണ്ടു്. അങ്ങിനെ ചെയ്യുന്നുണ്ടെന്നാണു് അറിവു്.

മിസ്റ്റർ വി. കെ. കുട്ടി: എറണാകുളത്തുനിന്നു പൈപ്പുവെള്ളം കൊണ്ടു പോകുന്നതു നിയമവിരുദ്ധമല്ലേ?

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിം സേട്ട്: ശക്തികുറഞ്ഞ ബോട്ടുകൾ ബാറിൽകൂടി പോകാതിരിപ്പാൻ ശ്രദ്ധിക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ശ്രദ്ധിക്കാം.

മിസ്റ്റർ ഇസ്മായിൽഹാജി ഇബ്രാഹിം സേട്ട്: ഇതേവരെ വല്ല അപകടവും ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ഇല്ല.

മിസ്റ്റർ സി. വി. ഇയ്യു: ബോട്ടിൽ ശുദ്ധജലം വെക്കേണ്ട കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ഏർപ്പാടുചെയ്യാം.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിംസേട്ട് : കോട്ടപ്പുറത്തു് എത്തുന്നതിനു വെച്ചിട്ടുള്ള സമയം 8 മണിക്കൂർ എന്നതു കുറച്ചു് 12 മണിക്കൂർ ആക്കുവാൻ വിരോധമുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ഡിപ്പാർട്ടുമെണ്ടിൽ നിന്നും ചെയ്യുവാൻ വിരോധമില്ല. അങ്ങിനെ നോക്കിയാൽ ശക്തി കുറഞ്ഞ ബോട്ടുകൾക്കു് ഓടാൻ സാധിക്കയില്ല. പലരിൽ നിന്നും ആക്ഷേപം വരാനിടയുണ്ടു്.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിംസേട്ട് : എന്താക്ഷേപമാണു് അവരിൽ നിന്നു വരുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : പണം ചിലവാക്കി ബോട്ടുകളുണ്ടാക്കിട്ടുള്ളവർക്കു് അതു ഓടിക്കാൻ സാധിക്കാതെ വന്നാൽ അവരുടെ ആക്ഷേപം ഉണ്ടാകാം.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിംസേട്ട് : കൂടുതൽവേഗത്തിൽ എത്തുന്നതിനോ ആക്ഷേപം, അതോ താമസിച്ചെത്തുന്നതിനോ ആക്ഷേപം ?

മിസ്റ്റർ വി. കെ. കുട്ടി : കൂടുതൽവേഗത്തിൽ പോകണമെന്നുണ്ടെങ്കിൽ ബസ്സിൽ പോകരുതോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : നേരിട്ടു് കോട്ടപ്പുറത്തേക്കു ബസ്സു് സർവ്വീസ്സു് ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ബോട്ടവളരെ വേഗത്തിൽ ഓടിച്ചാൽ അപകടം വരുവാൻ ഇടയില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ബാക്കു്വാട്ടേഴ്സിൽ വേഗത്തിൽ ഓടിക്കുന്നതുകൊണ്ടു് അപകടം ഉണ്ടാകയില്ല.

മിസ്റ്റർ സി. വി. ഇയ്യു: വേഗത്തിൽപോകേണ്ട ആളുകൾ മോട്ടാർ ബോട്ടു് വാടകക്കെടുത്താൽ പോരേ ?

AKAMPADOM CHALS—WATER FROM—USE FOR IRRIGATION PURPOSES

22. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെൻറു് ദയവു മറുപടി പറയുമോ.—

(എ) എല്ലാ കൃഷികളിലും അധികരിച്ച വെള്ളം ഒഴിയുന്നതിനു് അകമ്പാടം ചാലില്ലേ;

LIBRARY ARCHIVES Kerala Legislative Assembly